# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2260 08.12.2015 ൽ മറുപടിയ്ക്ക്**

## പ്രോജക്റ്റ് സൺഷിഫ്റ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>,, അൻവർ സാദത്ത്<br>,, സണ്ണി ജോസഫ്<br>,, തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് "പ്രോജക്റ്റ് സൺഷിഫ്റ്റ്" രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സൗരോർജ്ജം ഉപയോഗിച്ച് ഉപഭോക്താക്കളുടെ രാത്രി കാലങ്ങളിലെ മൊത്തം വൈദ്യുതി ഉപഭോഗം കുറയ്ക്കുക, പീക്ക് ലോഡ് സമയത്തെ വൈദ്യുതിയുടെ ആവശ്യകത കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയ പദ്ധതിയാണ് സൺഷിഫ്റ്റ് പദ്ധതി. വീടുകളിൽ സാധാരണ ഉപയോഗിക്കുന്ന ഇൻവെർട്ടറിന് പകരം വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും വൈകുന്നേരത്തെ പീക്ക് സമയത്തെ ഉപഭോഗം നിയന്ത്രിക്കുന്നതിനും പ്രത്യേക സംവിധാനമുള്ള സോളാർ പവർ പായ്ക്കുകൾ സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നത് മൂലം സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി ഉപയോഗിച്ച് പകൽ സമയങ്ങളിൽ ഇൻവെർട്ടർ ബാറ്ററികൾ ചാർജ്ജ് ചെയ്യാനും ഉപഭോക്താക്കൾക്ക് ഏറ്റവും ആവശ്യമായ പീക്ക് സമയത്ത് ഉപഭോക്താവിന്റെ വീട്ടിലെ വൈദ്യുതി ആവശ്യകതയുടെ ഒരു ഭാഗം ഇൻവെർട്ടറുകൾ വഴി ഉപയോഗിക്കാനും കഴിയുന്നു. |
| (സി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) ഈ പദ്ധതി നടപ്പാക്കുന്നതിനായി വൈദ്യുതി ബോർഡ് സോളാർ ഇൻവെർട്ടർ നിർമ്മാതാക്കൾ/ വിതരണക്കാർ എന്നിവരിൽ നിന്നും താല്പര്യപത്രം ക്ഷണിക്കുകയും ബോർഡിന്റെ സ്പെസിഫിക്കേഷൻ പ്രകാരം രൂപകല്പന ചെയ്ത സോളാർ ഇൻവെർ |

ട്ടറുകളുടെ ഗുണനിലവാര പരിശോധന നടത്തിയശേഷം, 7 സ്ഥാപനങ്ങളെ ഉപഭോക്താക്കളുടെ വീട്ടുകളിൽ സോളാർ ഇൻവെർട്ടറുകൾ സ്ഥാപിക്കാനായി എംപാനൽ ചെയ്തു. ഈ പദ്ധതി പ്രകാരം സോളാർ ഇൻവെർട്ടർ സ്ഥാപിക്കുന്ന 2,750 ഉപഭോക്താക്കൾക്ക് 5,000 രൂപ സബ്സിഡി അനർട്ട് വഴി നൽകാനായി അനുമതി നൽകിയിട്ടുണ്ട്. സബ്സിഡിക്കായുള്ള അപേക്ഷകൾ സെപ്റ്റംബർ 23, 2015 വരെ സ്വീകരിച്ചിരുന്നു.

**സെക്ഷൻ ഓഫീസർ**